കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കോർപ്പറേഷൻ/നഗരസഭകൾ - ആധുനിക അറവുശാലകൾ KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.3564/17/തസ്വഭവ തിരുവനന്തപുരം, തീയതി, 04.11.2017.

---

വായന - 1. 08/08/2016 ലെ സ.ഉ (കൈ) നം.315/16/ധന നമ്പർ ഉത്തരവ്

2. 06/10/2017 ലെ സ.ഉ(സാധാ) 3234/17/തസ്വഭവ നമ്പർ ഉത്തരവ്

3. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 04/10/2017 ലെ D.C2/31624/17 നമ്പർ കത്ത്

**ഉത്തരവ്**

2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ നഗരസഭ/കോർപ്പറേഷനുകളിൽ ആധുനിക അറവ് ശാലകൾ സ്ഥാപിക്കുന്നതിനായി KIIFB യിൽ നിന്നും 100 കോടി രൂപ അനുവദിക്കുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 17 നഗരസഭ/കോർപ്പറേഷനുകളിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ അറവുശാലകൾ KIIFB മുഖാന്തിരം സ്ഥാപിക്കുന്നതിനായി 184 കോടി രൂപ (നൂറ്റിയെൺപത്തിനാല് കോടി രൂപ മാത്രം) യുടെ അനുമതി നൽകുന്നതിന് പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് കൺസപ്റ്റ് നോട്ട് വായന (3) ലെ കത്തുപ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായന (1) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ 17 നഗരസഭ/കോർപ്പറേഷനുകളിൽ ആധുനിക അറവുശാലകൾ KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി സ്ഥാപിക്കുന്നതിനായി നഗരകാര്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്ന 184 കോടി രൂപയുടെ പ്രോജക്റ്റിന് തത്വത്തിൽ അംഗീകാരം നല്കിക്കൊണ്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി(SPV) വായന (2) പ്രകാരം രൂപീകരിച്ച കമ്പനിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചെയർമാൻ & ഡയറക്ടർ ഓഫ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്, ഡിബി2/338/17

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ